**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2262** **30-09-2025-ൽ മറുപടിയ്ക്ക്**

**<u>ആലപ്പുഴ വനിതാ ശിശു ആശുപത്രിയിലെ ചികിത്സാപിഴവിൽ സ്വീകരിച്ച നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. ആർ. മഹേഷ്
ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആലപ്പുഴ ബീച്ച് വനിതാ ശിശു ആശുപത്രിയിലെ ചികിത്സ പിഴവ് മൂലം അസാധാരണ രൂപത്തിൽ കുഞ്ഞു പിറക്കാൻ ഇടയായത് സംബന്ധിച്ച പരാതിയിൽ ആരോഗ്യവകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ് വിശദമാക്കുമോ;

**<u>മറുപടി:</u>**

വിദഗ്ധ സമിതി അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, കുഞ്ഞിന്റെ അവസ്ഥ സാധാരണ സ്കാനിംഗുകളിലൂടെയോ ക്ലിനിക്കൽ പരിശോധനയിലൂടെയോ നേരത്തെ കണ്ടെത്താൻ സാധിക്കുമായിരുന്നില്ല. ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഡോക്ടർമാർ നൽകിയ ചികിത്സാ രീതികൾ കൃത്യമായിരുന്നു. ഡോ. പുഷ്പകുമാരി നൽകിയ ചികിത്സയും മാനദണ്ഡങ്ങൾ പാലിച്ചുള്ളതായിരുന്നു. ചികിത്സ തേടിയ വ്യക്തിക്ക് 34 വയസ്സുണ്ടായിരുന്നതും മുൻപ് രക്താതിമർദ്ദം ഉണ്ടായിരുന്നതും പരിഗണിച്ച് അവരെ 'ഹൈ-റിസ്ക്' വിഭാഗത്തിൽ ഉൾപ്പെടുത്തി ചികിത്സിച്ചത് ശരിയായ നടപടിയാണ്.

എങ്കിലും, ഉണ്ടാകാൻ സാധ്യതയുള്ള അപകടസാധ്യതകളെക്കുറിച്ച് കൃത്യസമയത്ത് ആശയവിനിമയം നടത്തുന്നതിലും കേസ് റെക്കോർഡുകളിൽ അത് രേഖപ്പെടുത്തുന്നതിലും ഡോക്ടർമാർ പരാജയപ്പെട്ടതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ശ്രീമതി സുറുമിയെ ചികിത്സിച്ച രണ്ട് ഡോക്ടർമാർക്കെതിരെയും സ്വീകരിച്ച നടപടി സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ അതോറിറ്റിയുടെ (PCPNDT Act 1994) പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് ശങ്കേഴ്സ്, മിഡാസ് എന്നീ സ്കാനിംഗ് സെന്ററുകളുടെ രജിസ്ട്രേഷൻ റദ്ദാക്കുകയും അൾട്രാസൗണ്ട് മെഷീനുകൾ സീൽ ചെയ്യുകയും ചെയ്തു. നിലവിൽ കോടതിയിൽ കേസ് നടന്നു വരികയാണ്.

**(ബി)** പ്രസ്തുത വിഷയത്തിൽ ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വിദഗ്ധ സമിതി അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, കുഞ്ഞിന്റെ അവസ്ഥ സാധാരണ സ്കാനിംഗുകളിലൂടെയോ ക്ലിനിക്കൽ പരിശോധനയിലൂടെയോ നേരത്തെ കണ്ടെത്താൻ സാധിക്കുമായിരുന്നില്ല. ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഡോക്ടർമാർ നൽകിയ ചികിത്സാ രീതികൾ കൃത്യമായിരുന്നു. ഡോ. പുഷ്പകുമാരി നൽകിയ ചികിത്സയും മാനദണ്ഡങ്ങൾ പാലിച്ചുള്ളതായിരുന്നു. ചികിത്സ തേടിയ വ്യക്തിക്ക് 34

വയസ്സുണ്ടായിരുന്നതും മുൻപ് രക്താതിമർദ്ദം ഉണ്ടായിരുന്നതും പരിഗണിച്ച് അവരെ 'ഹൈ-റിസ്ക്' വിഭാഗത്തിൽ ഉൾപ്പെടുത്തി ചികിത്സിച്ചത് ശരിയായ നടപടിയാണ്.എങ്കിലും, ഉണ്ടാകാൻ സാധ്യതയുള്ള അപകടസാധ്യതകളെക്കുറിച്ച് കൃത്യസമയത്ത് ആശയവിനിമയം നടത്തുന്നതിലും കേസ് റെക്കോർഡുകളിൽ അത് രേഖപ്പെടുത്തുന്നതിലും ഡോക്ടർമാർ പരാജയപ്പെട്ടതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ശ്രീമതി സുറുമിയെ ചികിത്സിച്ച രണ്ട് ഡോക്ടർമാർക്കെതിരെയും സ്വീകരിച്ച നടപടി സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ അതോറിറ്റിയുടെ (PCPNDT Act 1994) പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് ശങ്കേഴ്സ്, മിഡാസ് എന്നീ സ്കാനിംഗ് സെന്ററുകളുടെ രജിസ്ട്രേഷൻ റദ്ദാക്കുകയും അൾട്രാസൗണ്ട് മെഷീനുകൾ സീൽ ചെയ്യുകയും ചെയ്തു. നിലവിൽ കോടതിയിൽ കേസ് നടന്നു വരികയാണ്.

**(സി)** കുഞ്ഞിന്റെ തുടർ ചികിത്സ സർക്കാർ ഏറ്റെടുക്കുന്നതിനും കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** കുഞ്ഞിന് ആദ്യം തിരുവനന്തപുരം എസ് എ ടി ആശുപത്രിയിലും ശേഷം ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലും സൗജന്യ ചികിത്സയാണ് നൽകി വന്നിരുന്നത്. കുഞ്ഞിന്റെ സമഗ്ര പരിചരണം ഏകോപിപ്പിക്കുന്നതിനായി ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രിൻസിപ്പലിന്റെയും പീഡിയാട്രിക് വകുപ്പ് മേധാവിയുടെയും നേതൃത്വത്തിൽ ഒരു മൾട്ടി ഡിസിപ്ലിനറി ടീം രൂപികരിച്ചു. ആശുപത്രിയിൽ നിന്നും വീട്ടിലേക്ക് പോയതിനു ശേഷം യു പി എച്ച് സി മുല്ലത്തുവളപ്പ് ടീമിന്റെയും, പാലിയേറ്റീവ് കെയർ, ആർ ബി എസ് കെ നഴ്സുമാരുടെയും സൗജന്യ പരിചരണം കുഞ്ഞിന് ലഭിക്കുന്നുണ്ട്.

**(ഡി)** ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**മറുപടി:** ഫീറ്റൽ വൈകല്യങ്ങൾ കണ്ടെത്തുന്നതിനും വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനും ആവശ്യമായ ഏറ്റവും പുതിയ പുരോഗതികളെക്കുറിച്ച് അപ്ഡേറ്റ് ചെയ്യുന്നതിന് ഗൈനക്കോളജിസ്റ്റുകൾക്കും റേഡിയോളോജിസ്റ്റുകൾക്കുമായി തുടർ വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചു. മാസത്തിലൊരിക്കൽ KFOG യുടെയും മെഡിക്കൽ കോളേജിലെയും ബന്ധപ്പെട്ട വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് തുടർ വിദ്യാഭ്യാസ പരിപാടി 13 എണ്ണം നടത്തുകയുണ്ടായി.

സ്കാൻ പോലുള്ള ടെസ്റ്റുകളുടെ പരിമിതികളെ കുറിച്ചും ഗർഭകാലത്തെ അപകടസാധ്യതകളെ കുറിച്ചും ഗർഭിണികളോടും. അവരെ പരിചരിക്കുന്നവരോടും ആശയവിനിമയം നടത്തുന്നതിനുള്ള പ്രാപ്തി ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർക്ക് നൽകുന്നതിന് പരിശീലനങ്ങൾ സംഘടിപ്പിച്ചു വരുന്നു.

ചികിത്സ രേഖകളും, അപകടസാധ്യതാ ചർച്ചകളുടെയും, കൗൺസലിങ് നടത്തിയതിന്റെയും വിവരങ്ങളും കൃത്യമായി കേസ് ഷീറ്റിലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തണമെന്നുള്ള കർശനമായ നിർദ്ദേശം എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്.

അപകട സാധ്യതയുള്ള ഗർഭിണികളെ ചികിത്സിക്കുന്നതിനുള്ള മാർഗരേഖകൾ ആനുകാലികമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സ്കാൻ സെന്ററുകൾ സ്കാൻ ചെയ്യുന്നതിന് മുമ്പും അതിനു ശേഷവും അപകട സാധ്യതകളെക്കുറിച്ചുള്ള കൃത്യമായ കൗൺസിലിങ് നൽകണമെന്നും PCPNDTനിയമത്തിന്റെ പിൻബലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഇത് ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ ഇത്തരം സെന്ററുകൾ

സന്ദർശിച്ച ഉറപ്പ് വരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ അപ്രോപ്രിയേറ്റ് അതോറിറ്റി/ അംഗീകൃത ഉദ്യോഗസ്ഥൻ ഇടയ്ക്കിടെ കേന്ദ്രങ്ങൾ പരിശോധിക്കുകയും എല്ലാ കേന്ദ്രങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പുതുക്കിയിട്ടുണ്ടെന്നും PCPNDTആക്ട് അനുസരിച്ച് പ്രസക്തമായ രേഖകൾ പരിപാലിക്കുന്നുണ്ടെന്നും ഉറപ്പാക്കുകയും വേണം എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

ജെ പി എച്ച് എൻ ഗർഭിണിയെ രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ അവർക്കു മദർ ആൻഡ് ചൈൽഡ് പ്രൊട്ടക്ഷൻ (MCP) കാർഡ് നൽകുവാനും എല്ലാ ഗർഭിണികളും ആശുപത്രികൾ സന്ദർശിക്കുമ്പോൾ MCP കാർഡ് കൊണ്ടുപോകാനും, കൂടാതെ ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും MCP കാർഡിൽ ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

PCPNDT ആക്ട് അനുസരിച്ച് ഡോക്ടർമാർക്ക് അബ്ഡോമിനോ പെൽവിക് സ്കാൻ ചെയ്യുന്നതിനായി 6 മാസത്തെ പരിശീലനം നൽകുവാനുള്ള നടപടി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**